# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ഉദയനാപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 6/1889/2025 കെ.എസ്.എ.കെ.ടി.എം-പി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 26/12/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി 6/1889/2025 തീയ്യതി: 26/12/2025

# കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2025 | 13-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2025 | 13-11-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി അനിതാകുമാരി കെ. എ., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീ. സജി. പി. ആർ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)

ശ്രീ. ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി. വി., സീനീയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി കെ ആനന്ദവല്ലി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 02-05-2024 |
| ശ്രീ. വിനോദ്കുമാർ സി | സെക്രട്ടറി | 03-05-2024 | 15-01-2025 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2025 | 10-02-2025 |
| ശ്രീ രാജേഷ് ജോസ് ജെ. | സെക്രട്ടറി | 11-02-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അഷിത എ.ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ ശരത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. സിമി സി എസ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2024 | 26-10-2024 |
| ഡോ. ബിന്ദു പി പണിക്കർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 27-10-2024 | 31-03-2025 |
| ഡോ. അലക്സ് തോമസ് | മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി | 01-04-2024 | 31-03-2025 |
| ശ്രീമതി മിനിമോൾ എ വർഗീസ് | ഹെഡ് മിസ്ട്രസ്, ഗവ.എൽ.പി.എസ്. നേരേകടവ് | 01-04-2024 | 31-03-2025 |
| ശ്രീമതി പൊന്നമ്മ കെ ജെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-12-2024 |
| ശ്രീമതി ആർഷ വി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-01-2025 | 31-03-2025 |
| ശ്രീമതി രേഖ ടി നായർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി സുചിത്ര സി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ പ്രവീൺ കുമാർ എൽ | വി ഇ ഒ, ഉദയനാപുരം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രജിത കെ പി | വി ഇ ഒ, പടിഞ്ഞാറേക്കര സർക്കിൾ | 01-04-2024 | 24-10-2024 |
| ശ്രീ പ്രവീൺ കുമാർ എൽ | വി ഇ ഒ, പടിഞ്ഞാറേക്കര സർക്കിൾ | 25-10-2024 | 31-01-2025 |

| | | | |
|---|---|---|---|
| ശ്രീമതി പ്രജിത കെ പി | വി ഇ ഒ, പടിഞ്ഞാറേക്കര സർക്കിൾ | 01-02-2025 | 31-03-2025 |
| ഡോ. ജയപ്രീതി ഗ്രേസബെല്ല ജെ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ആഷിദ മയ്യീൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി റംല എം.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തിയ്ക്ക് തുക നൽകിയത് നിക്ഷേപമായി ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയുടെ ആധികാരികത രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല | 1-1-6 |
| 8 | ലോൺ അക്കൗണ്ടിന്റെ വിവിധ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺടൈഡ് ഇനത്തിലെ യഥാർത്ഥ വരവ് ചെലവുകൾ ധനകാര്യപത്രികയിലെ കണക്കുകളുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. | 1-1-8 |
| 10 | ബെനഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിലെ തുക ക്രമീകരിച്ചിട്ടില്ല | 1-1-9 |
| 11 | സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | പഞ്ചായത്ത് വാഹനം ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | ആസ്തിയേക്കാൾ അധികമായി മൂല്യശോഷണം കണക്കാക്കിയിരിക്കുന്നു. | 1-1-12 |
| 14 | ബാങ്ക് അക്കൗണ്ടുകൾ രണ്ട് തവണ ബാങ്ക് ബാലൻസ് (RP 40(b) B-17 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | വാർഷികപദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 20 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | ബാങ്ക് അക്കൌണ്ട്--അപാകതകൾ--തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്. | 1-11 |
| 25 | കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അപാകത | 1-12 |
| 26 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 27 | പുതുക്കിയ നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 28 | വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-15 |
| 29 | ഓണം അഡ്വാൻസ്--തിരികെ ഈടാക്കിയിട്ടില്ല | 1-16 |
| 30 | മുൻകൂറായി നൽകുന്ന തുകകൾ ക്രമീകരിയ്ക്കുന്നില്ല | 1-17 |
| 31 | സർക്കാരിലേയ്ക്ക്/സ്ഥാപനങ്ങളിലേയ്ക്ക് അടയ്ക്കുവാനുള്ള തുകകൾ യഥാസമയം അടയ്ക്കുന്നില്ല | 1-18 |

| | | |
|---|---|---|
| 32 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിയ്ക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ബാധ്യതയായി തുടരുന്നു | 1-19 |
| 33 | വാട്ടർ ചാർജ് കുടിശ്ശിക ക്രമീകരിച്ചിട്ടില്ല | 1-20 |
| 34 | സി സി ടി വി ക്യാമറകൾ പ്രവർത്തിക്കുന്നില്ല | 1-21 |
| 35 | പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി | 1-22 |
| 36 | തെരുവുവിളക്കുകളും അനുബന്ധഉപകരണങ്ങളും സ്ഥാപിച്ചിട്ടില്ല-ചെലവു തടസ്സപ്പെടുത്തുന്നു | 1-23 |
| 37 | ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടില്ല | 1-24 |
| 38 | അങ്കണവാടിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 39 | നിക്ഷേപപ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 40 | ബാരൽ വില, ജി. എസ്. റ്റി എന്നിവ കുറവായി ഈടാക്കിയതിൽ കുറവ് | 1-27 |
| 41 | റോഡ് ടാറിംഗ് പ്രവത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തത് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. | 1-28 |
| 42 | ഓഡിറ്റ് ഇംപാക്ട് - കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല- ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴ ഒടുക്കി. | 1-29 |
| 43 | ലൈഫ്ഭവനപദ്ധതി - ഫേസ് 2 -ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരികരിച്ചിട്ടില്ല | 1-30 |
| 44 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-31 |
| 45 | ലൈഫ് ഭവന പദ്ധതി( എസ്. സി. )- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-32 |
| 46 | വീട് വാസയോഗ്യമാക്കൽ ( എസ്.സി.പി )- പൂർത്തിയാക്കിയില്ല | 1-33 |
| 47 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-34 |
| 48 | ജൽജീവൻ മിഷൻ പദ്ധതി- അവലോകനം | 1-35 |
| 49 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-36 |
| | **ഭാഗം 2** | |
| 1 | പുതുക്കിയ നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് വിശദാംശം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2025 തീയതിയിലെ 3/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള**

**വാർഷിക ധനകാര്യ പത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| **തീയതി:26-12-2025** | **ഡെപ്യൂട്ടി ഡയറക്ടർ** |

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-4 നിക്ഷേപ പ്രവൃത്തിയ്ക്ക് തുക നൽകിയത് നിക്ഷേപമായി ഉൾപ്പെടുത്തിയില്ല

പ്രോജക്ട് നം. 298/25 – ഇലക്ടിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി 38375/- രൂപ കെഎസ്ഇ.ബി.യിൽ നിക്ഷേപിച്ചിച്ചുണ്ട്. B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല. 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board-എന്ന ശീർഷകത്തിൽ തുക ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-5 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല

ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കാത്തതിനാൽ ധനകാര്യപത്രികയിൽ ചേർത്തിരിയ്ക്കുന്ന തുകകളുടെ ആധികാരികത ഉറപ്പിക്കാൻ സാധിയ്ക്കുന്നില്ല.

## 1-1-6 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയുടെ ആധികാരികത രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി B-11(b) ഷെഡ്യൂളിൽ 1498583/- രൂപ

ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-7 ലോൺ അക്കൗണ്ടിന്റെ വിവിധ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

B-5 സെക്വേർഡ് ലോൺ, B-16 ഷെഡ്യൂൾ തമ്മിൽ 47,19,442/- രൂപയുടെ വ്യത്യാസം നിൽക്കുന്നു. RP 40(b) പ്രകാരം 32,53,401/- രൂപയാണ് നീക്കിയിരിപ്പ്. B-4 ഷെഡ്യൂൾ പ്രകാരം 40,85,441/- രൂപയാണ്. ഷെഡ്യൂളുകൾ തമ്മിലുള്ള പൊരുത്തക്കേട് പരിശോധിയ്ക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-1-8 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺടൈഡ് ഇനത്തിലെ യഥാർത്ഥ വരവ് ചെലവുകൾ ധനകാര്യപത്രികയിലെ കണക്കുകളുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺടൈഡ് ഇനത്തിലെ യഥാർത്ഥ വരവ് ചെലവുകൾ ധനകാര്യപത്രികയിലെ കണക്കുകളുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. യഥാർത്ഥ വരവ് ചെലവുമായി ധനകാര്യപത്രികയിലെ കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-1-9 ബെനഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിലെ തുക ക്രമീകരിച്ചിട്ടില്ല**

മുൻവർഷങ്ങളിലേതുൾപ്പെടെ ബെനഫിഷറി കോൺട്രിബ്യൂഷൻ ഇനത്തിൽ 2,75,618/- രൂപ ചെലഴിയ്ക്കാൻ അവശേഷിയ്ക്കുന്നതായി ബി-4 പത്രികയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു. സുലേഖ ചെലവ് പത്രിക പ്രകാരം 2024-25 ൽ ലഭിച്ച തുക ചെലവഴിച്ചിട്ടുണ്ട്. തുക സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ചെലവഴിച്ച തുകയെങ്കിൽ അക്കൗണ്ട്സിൽ ക്രമീകരണം നടത്തേണ്ടതുമാണ്.

**1-1-10 സർക്കാരിലേക്ക് അടവാക്കേണ്ട തുകകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

B9 ഷെഡ്യൂളിൽ സർക്കാരിലേയ്ക്ക് അടവാക്കാനുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

**1-1-11 പഞ്ചായത്ത് വാഹനം ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല**

വാഹനത്തിന്റെ മൂല്യശോഷണം B(11)a പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആസ്തിയായി B11(e) പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-12 ആസ്തിയേക്കാൾ അധികമായി മൂല്യശോഷണം കണക്കാക്കിയിരിക്കുന്നു.**

റോഡ്സ് & ബ്രിഡ്ജസ് ഇനത്തിലെ മൂല്യശോഷണം ആസ്തിയിൽ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

**1-1-13 ബാങ്ക് അക്കൗണ്ടുകൾ രണ്ട് തവണ ബാങ്ക് ബാലൻസ് (RP 40(b) B-17 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു**

കാനറാ ബാങ്ക് അക്കൗണ്ട് നം. 10045344070, അക്കൗണ്ട് നം.110042520076, SBI അക്കൗണ്ട് നം.57039383532 എന്നീ ബാങ്ക് അക്കൗണ്ടുകൾ 2 തവണ ബാലൻസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതും (RP 40 (B), B-17) വ്യത്യസ്ത ബാലൻസ് തുക ഉള്ളതായും ചേർത്തിരിക്കുന്നു. (ഖണ്ഡിക 1-11 കാണുക)

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 9.02.2024 ലെ 1(1)-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.02.25ലെ 3/1-ാം നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 5471610 | 4661221 |
| വരവ് | 269510690 | 28,53,17,189 |
| ആകെ | 274982300 | 28,99,78,410 |
| ചെലവ് | 273692300 | 28,48,17,243 |
| നീക്കിയിരിപ്പ് | 1290000 | 51,61,167 |

## 1-3 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ് നഷ്ടം, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക**

| | |
|---|---|
| മുന്നിരിപ്പ് | 25894761/- |
| ഓഡിറ്റ് വർഷത്തെ വരവ് | 72078203/- |
| ആകെ | 97972964/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63807267/- |
| നീക്കിയിരിപ്പ് | 34165697/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 246487363/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 256481861/- |
| പ്രവർത്തന നഷ്ടം | -9994498/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1323390/- |
| അറ്റ പ്രവർത്തന നഷ്ടം | -11317888/- |

**ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | 7720/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,07,771/- |

## 1-4 ഗ്രാന്റ് വിനിയോഗം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ

തൻവർഷം പദ്ധതി പദ്ധതിയേതരമായി ചെലവുള്ളതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗവും പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 27053000/- | 27053000/- | 27052364/- | 636 | 99.99 |
| വികസന ഫണ്ട്-SCP | 0 | 11360000/- | 11360000/- | 10849762/- | 510238 | 95.51 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 2421722/- | 4558424/- + 277232 (Int) + 178226 (ട്രഷറി) = 5013882/- | 7257378/- + 178226 (ട്രഷറി) =7435604/- | 3336634/- + 48780/- (ട്രഷറി) = 3385414/- | 3920744/- + 129446/- (ട്രഷറി) | 45.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 561482/- | 9854000/- + 3457467/- (ട്രഷറി) = 13311467/- | 10415482+ 3457467/- (ട്രഷറി) -------------- 13872949/- | 4630020 + 1267080 (ട്രഷറി) = 5897100/- | 5785462/- + 2190387/- (ട്രഷറി) | 42.50 |
| മെയിന്റനൻസ് ഗ്രാന്റ്- (നോൺ റോഡ്) | 0 | 11917000/- | 11917000/- | 8579432/- | 3337568 | 71.99 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 17496000/- | 17496000/- | 16334026/- | 1161974/- | 93.36 |
| ഹെൽത്ത് ഗ്രാന്റ്-അടിസ്ഥാന സൗകര്യം | 839726 | 410139 | 1249865 | 300259 | 949606* | 24.02 |
| ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് & വെൽനസ് | 258064 | 618158 | 876222 | 162921 | 713301 | 24.54 |
| ഹെൽത്ത് ഗ്രാന്റ്-കുടുംബാരോഗ്യ ഉപ-കേന്ദ്രങ്ങൾക്ക് കെട്ടിടം | 56,11,000 | 169541 | 5780541 | 4016665/- | 1763876/- | 69.49 |
| ICDS ഫണ്ട് | 1421954/- | 1671266/- | 3093220/- | 726756/- | 2366464/- | 23.49 |
| ശുചിത്വ മിഷൻ | 139300/- | 756000/- | 895300/- | 756000/- | 139300/- | 84.44 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 351200/- | 0 | 351200/- | 0 | 351200/- | 0 |
| സമ്പൂർണ്ണ ശുചിത്വം | 968256/- | 0 | 968256/- | 0 | 968256/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | 9586/- | 133/- | 9719/- | 0 | 9719/- | 0 |

* പലിശ ചേർത്തുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് – ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 27053000/- | 27053000/- | 314/25-1051200/-<br>315/25-2496205/-<br>317/25-2494610/- | 21010985/- |
| വികസന ഫണ്ട്- എസ് സി പി | 11360000/- | 11360000/- | 316/25-109813/-,<br>318/25-111648/- | 11138539 |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

2. ധനകാര്യ കമ്മീഷൻ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ 277232/- പലിശയുൾപ്പെടെയാണ് സിഎഫ്.സി അൺടൈഡ് ഗ്രാന്റ് വരവായി ചേർത്തിട്ടുള്ളത്.

3. ധനകാര്യ കമ്മീഷൻ (ടൈഡ്) ഫണ്ടിനത്തിൽ ട്രഷറിയിൽ 3457467/- രൂപയും ധനകാര്യ കമ്മീഷൻ (അൺടൈഡ്) ഫണ്ടിനത്തിൽ ട്രഷറിയിൽ 178226/- രൂപയും മുൻവർഷങ്ങളിലെ ചെലവഴിക്കാത്ത തുക അനുവദിച്ചിരുന്നു. അനുവദിക്കപ്പെട്ട ആകെ ട്രഷറി അലോട്ട്മെന്റിൽ 2319833/- രൂപ ചെലവഴിക്കാതെ നഷ്ടമായി. ആയത് കുറച്ചുള്ള തുകയാണ് ബാങ്ക് അക്കൗണ്ടിലും ബി 4 ഷെഡ്യൂളിലും നിലനിൽക്കുന്നത്.

4. സിഎഫ്.സി ടൈഡ് & അൺടൈഡ് ഫണ്ടിന്റെ മുന്നിരിപ്പും വരവും പലിശയുൾപ്പെടെ ചേർത്ത തുകയിൽ നിന്നും ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് കുറച്ചാൽ ലഭിക്കുന്നത് 9706206/- രൂപയാണ് എന്നാൽ ഷെഡ്യൂൾ B4 പ്രകാരം 9801898/- രൂപയും B17/പാസ്ബുക്ക് പ്രകാരം 9831721/- രൂപയുമാണ് കാണിച്ചിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

5. ഹെൽത്ത് ഗ്രാന്റ്-വെൽനസ് ഫണ്ട് യഥാർത്ഥത്തിൽ ചെലവ് 162921/- രൂപ ആണെങ്കിലും സുലേഖ ചെലവു പത്രികയിൽ 231921/- രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. ഹെൽത്ത് ഗ്രാന്റ്- അടിസ്ഥാ സൗകര്യം ഫണ്ടിനത്തിലെ യഥാർത്ഥത്തിൽ ചെലവ് 300259/- രൂപ ആണെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ 286259/- രൂപ എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 251 | 36,23,26,201 | 201 | 10,55,92,534 | 50 | 80 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 14 | 4586597 | 4031977 |
| വെറ്ററിനറി സർജൻ | 10 | 10 | 4660300 | 1848042 |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 19 | 17 | 7324671 | 4521797 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 03 | 03 | 1275000 | 1275000 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03 | 03 | 245000 | 244994 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ) | 08 | 07 | 3368736 | 2014171 |
| സെക്രട്ടറി | 43 | 35 | 15282209 | 10893177 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 13 | 5685713 | 3924357 |
| ഹെഡ്മിസ്ട്രസ് ഗവ.എൽ പി എസ് | 10 | 9 | 2210293 | 1773987 |
| വി ഇ ഒ -1 | 14 | 10 | 156097410 | 23179409 |
| വി ഇ ഒ -2 | 14 | 12 | 104626957 | 17113823 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 86 | 56 | 51914415 | 30133901 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 11 | 10 | 4548900 | 4253824 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 500000 | 384075 |
| ആകെ | 251 | 201 | 362326201 | 10559253 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീയതി |
|---|---|
| ആസൂത്രണസമിതി യോഗം | 22.12.2023 |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | **27.12.2023** |
| പദ്ധതി രൂപീകരണ ഗ്രാമസഭ (ബ്ലോക്ക് തലം) | 30.01.2024 10.01.2024 |
| വികസന സെമിനാർ | 24.01.2024 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം | 84898/24/DPC/DPO/KTM Dt. |

| | |
|---|---|
| (ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 28.02.2025 |

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയ്ക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് വകയിരുത്തിയ ആകെ അടങ്കൽ 36,23,26,201/- രൂപയും ആകെ ചെലവ് 10,55,92,534/- രൂപയുമാണ്. ചെലവ് ശതമാനം വാർഷിക പദ്ധതിയ്ക്ക് സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളൊഴികെയുള്ള സ്രോതസ്സുകൾ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാതെ വകയിരുത്തൽ നടത്തിയതാണ് ചെലവുശതമാനം കുറയാൻ കാരണമായത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്നത് 1,28,16,965/- രൂപ ആയിരുന്നുവെങ്കിലും ചെലവഴിക്കാൻ ലഭിച്ചത് 24,90,000/- രൂപ മാത്രമാണ്. ജില്ലാ പഞ്ചായത്ത് വിഹിതം 5,35,01,068/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും 70,05,458/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. സംസ്ഥാനാവിഷ്കൃത ഫണ്ട് 5,59,67,028/- രൂപ വകയിരുത്തിയെങ്കിലും 39,70,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാന്റിതര സ്രോതസ്സുകൾ സംബന്ധിച്ച് വ്യക്തമായ ധാരണയോടും യാഥാർത്ഥ്യബോധത്തോടും കൂടി വകയിരുത്തൽ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അംഗീകാരം ലഭിച്ച 251 പ്രോജക്ടുകളിൽ 201 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കേണ്ട 86 പ്രോജക്ടുകളിൽ 56 എണ്ണം മാത്രമാണ് നടപ്പാക്കിയത്. പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതുമൂലം മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ 33,37,568/- രൂപയും റോഡിനത്തിൽ 11,61,974/- രൂപയും ലാപ്സായിട്ടുണ്ട്. പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കി ഗ്രാന്റ് വിനിയോഗം കാര്യക്ഷമമാക്കാൻ നിർവ്വഹണോദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

പ്രോജക്ടുകളുടെ തെരഞ്ഞെടുപ്പിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഹെഡ്മിസ്ട്രസ് നിർവ്വണോദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ സ്കൂളുകളിൽ കലാകായിക അധ്യാപകരുടെ സേവനം എന്ന പ്രോജക്ട് പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക നേട്ടം രേഖാപരമായി ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 33 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 17 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 1560 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 512 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 234 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 719.96 ലക്ഷം രൂപ. 154875 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 354 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 295 അയൽകൂട്ടങ്ങളിൽ 295 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 2241 കുടുംബങ്ങൾ പദ്ധതിയുമായി

സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോടുകളുടെ നവീകരണവും, റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 1938 | 2183804 | 2185742 | 2185742 | 0 |
| ഇ.എഫ്.എം.എസ് | 0 | 69811009 | 69811009 | 69811009 | 0 |
| ആകെ | 1938 | 71994813 | 71996751 | 71996751 | 0 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 34978900 | 2583 |
| കർഷക തൊഴിലാളി പെൻഷൻ | 9440200 | 561 |
| വിധവാ പെൻഷൻ | 13508900 | 868 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 2360000 | 74 |
| ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർ | 5099700 | 312 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 06.11.2025-ന് 2.55 PM -ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 491/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് തയാറാക്കിയിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
വസ്തുനികുതികൃത്യമായി പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.എന്നാൽ വാടകയിനത്തിൽ കുടിശ്ശിക ശേഷിക്കുന്നു. വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പദ്ധതിമാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2017 - 08.06.2018 | 2012-13 മുതൽ 2016-17 വരെ | LBA(HE)11/8A-2637/17/18/125 |

**1-11 ബാങ്ക് അക്കൌണ്ട്--അപാകതകൾ--തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.**

**1. പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ബാലൻസില്ലാത്ത അക്കൌണ്ടിൽ ധനകാര്യപത്രിക പ്രകാരം ബാലൻസ് ചേർത്തിരിയ്ക്കുന്നു**

വാർഷിക കണക്കുകളിലെ RP-40(b), B-17 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBT 2207) അക്കൗണ്ടിൽ 16,250/- രൂപ, സബ് ട്രഷറി വൈക്കം-( 13) അക്കൗണ്ടിൽ 12,602/- രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ പ്രകാരം ബാലൻസ് ഇല്ല. അക്കൗണ്ടിലെ തുക സംബന്ധിച്ച് പരിശോധന നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത അക്കൗണ്ട് ആണെന്ന് ബോധ്യമുള്ള പക്ഷം ധനകാര്യപത്രികയിൽ നിന്നും നീക്കം ചെയ്യുന്നതിന് തുടർ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്.

2) RP-40(b), B-17 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകൾ 2 തവണ ഷെഡ്യൂളിൽ ഉൾപ്പെട്ടിരിയ്ക്കുന്നു.

| ബാങ്ക് | ആദ്യ തവണ കാണിച്ചിരിക്കുന്ന തുക | രണ്ടാം തവണ കാണിച്ചിരിക്കുന്ന തുക |
|---|---|---|
| CANARA HUDCO LIFE- (110045344070) | 3,253,401.00 | 0 |
| CANARA HEALTH 20076- (110042520076) | 713,301.00 | 0 |
| SBI LITERACY- ( 57039383532) | 10,047.00 | 65 |

ഒരേ അക്കൗണ്ടുകൾ രണ്ട് തവണ വന്നത് സംബന്ധിച്ച് പരിശോധിയ്ക്കേണ്ടതും ഷെഡ്യൂളുകളിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്.

3) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ BHIM UPI വൈക്കം (42438310537) എന്ന ബാങ്കിന്റെ - 02/2025 ലെ റിക്കൺസിലിയേഷൻ പത്രികയിൽ ചേർത്തിട്ടുള്ള Cheque Deposited But Not Cleared എന്ന ശീർഷകത്തിലെ ചുവടെ ചേർക്കുന്ന ഡിഡി/ചെക്ക് 03/2025 ലെ പത്രികയിൽ ക്രെഡിറ്റ് ആയതായി കാണുന്നു.

| വൗച്ചർ നം., തീയതി | ചെക്ക്/ ഡിഡി നം., തീയതി | തുക |
|---|---|---|
| 1240400019/05.04.2024 | 408267268745. 409635091546/22-03-2024 | 359 |

ചെക്ക് & ഡ്രാഫ്ട് രജിസ്റ്ററിൽ മേൽ ചെക്ക് വരവ് വന്നതിന്റെ വിശദാംശം ലഭ്യമല്ല. ചെക്ക് ക്രഡിറ്റ് ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/10.11.25 ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1-12 കെട്ടിടത്തിന്റെ നികുതി നിർണയത്തിൽ അപാകത**

ഗ്രാമപഞ്ചായത്തിൽ 05-04-2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം 01-04-2023

പ്രാബല്യത്തിൽ വിവിധ ഉപയോഗക്രമങ്ങളും വസ്തുനികുതി നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടാവശ്യം - സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ, 300 ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് ചതുരശ്ര മീറ്ററിന് യഥാക്രമം 8/-, 12/- എന്നിങ്ങനെയാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം (12/9/23 ലെ 4/1 ലെ വിജ്ഞാപനം) ചെയ്തിട്ടുള്ളത്. വസ്തുനികുതി പരിശോധനയിൽ 300 ച.മീറ്ററിൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളെ 300 ച.മീറ്ററിൽ താഴെ എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു. (2024-25 ൽ വസ്തുനികുതി അടിസ്ഥാന നിരക്കിൽ 5% വർദ്ധനവ് കൂടി ഉൾപ്പെടുന്നു.)

| ക്രമ നം | കെട്ടിട നം., ഉടമയുടെ പേര്, നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി ച.മീറ്ററിന് 8.4 നിരക്കിൽ (ഇളവുകളും വർദ്ധനവുകളും സേവന ഉപനികുതിയും ലൈബ്രറി സെസും ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത് ച.മീറ്ററിന് 12.6 നിരക്കിൽ (ഇളവുകളും വർദ്ധനവുകളും സേവന ഉപനികുതിയും ലൈബ്രറി സെസും ഉൾപ്പെടെ) | വസ്തു നികുതിയിലെ കുറവ്, നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|
| 1 | 11/245 A, സേവ്യർ മാത്യു, പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക് നൽകുന്നത്) 300 ച.മീ. വരെയുള്ളവ | 313.54 | 313.54 X 8.4 = 2634, മേഖല ഇളവ് 10%- 263.3, മേൽത്തരം തറ- വർദ്ധനവ് 15%- 395, ലൈബ്രറി സെസ്- 139, സേവന ഉപനികുതി-139, ആകെ- 3044/- | 313.54 X 12.6 = 3951, മേഖല ഇളവ് 10%- 395, മേൽത്തരം തറ- വർദ്ധനവ് 15%- 593, ലൈബ്രറി സെസ്- 207, സേവന ഉപനികുതി- 207 ആകെ- 4562/- | 1518, 6/09/2024 |

ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/10.11.25) മറുപടി ലഭിച്ചില്ല. നികുതി പുനർനിർണ്ണയിച്ച് പുതുക്കിയ വസ്തു നികുതി അരിയർ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സമാനമായ അപാകതകൾ മറ്റ് കെട്ടിടങ്ങൾക്കും നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ/ ജീവനക്കാരന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 1, 2 |
| 2 | പോസ്റ്റ് ഓഫീസ്, വൈക്കം പ്രയാർ | 2 |
| 3 | ആതുരാശ്രമം ഇംഗ്ലീഷ് മീഡിയം യു.പി.സ്കൂൾ | 2 |
| 4 | തഹസിൽദാർ താലൂക്ക് ഓഫീസ്, വൈക്കം | 2 |
| 5 | മെഡിക്കൽ ഓഫീസർ, എൽ.എസ്.ജി.ഡി എഫ്.എച്ച്.സി.വൈക്കം | 2 |
| 6 | പി.എച്ച്.സി. ഉദയനാപുരം | 1 |

2) പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2024-25 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി | അർദ്ധ വർഷം |
|---|---|---|
| 1. | ജിജോ വർഗ്ഗീസ് | 2 |
| 2. | സർവ്വഭൌമൻ | 2 |
| 3. | രാജീവ് പി.പി. | 2 |
| 4. | അനിൽകുമാർ എൻ. | 2 |
| 5. | ജയകുമാർ റ്റി.കെ. | 2 |

തൊഴിൽനികുതി അതത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/05.11.2025 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഒടുക്കിയത് സംബന്ധിച്ച് പരിശോധന നടത്തി തുടർ നടപടി സ്വീകരിയ്ക്കേണ്ടതും നികുതി ഒടുക്കിയത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 പുതുക്കിയ നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം എന്നിവയിലെ തൊഴിൽ നികുതി സ്ലാബുകൾ സ.ഉ.(സാധാ) നം.1149/2024/ LSGD തീയതി. 27-06-2024 ഉത്തരവ് പ്രകാരം 01.10.2024 മുതൽ പരിഷ്ക്കരിച്ചിരുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഉത്തരവ് പ്രകാരം പുതുക്കിയ നിരക്കിലാണൊ സ്ഥാപനം തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് നൽകിയിരിയ്ക്കുന്നതെന്ന് പരിശോധിച്ചതായി കാണുന്നില്ല. സ്ഥാപനം ഹാജരാക്കിയ ലിസ്റ്റ് പ്രകാരമുള്ള തുക ഈടാക്കുകയാണ് ചെയ്തിരിയ്ക്കുന്നത്. ചുവടെ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പരിഷ്ക്കരിച്ച നിരക്കിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. **ഇറോസ് ഓയിൽ മിൽസ് (പ്രൈ.ലിമി.) (രസീത് നം. 1240501334/04-02-2025)**

| ക്രമ നം. | പേര് | അർദ്ധ വാർഷിക ശമ്പളം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവായി ഈടാക്കിയത് |
|---|---|---|---|---|---|
| 1 | റോയ് പി. ജോസഫ് | 57120 | 450 | 750 | 300 |
| 2 | ജോസ് ജോസഫ് | 55216 | 450 | 750 | 300 |
| 3 | പി. കെ. കുഞ്ഞുമണി | 46701 | 450 | 750 | 300 |
| 4 | വി. തോമസ് കുട്ടി | 45988 | 450 | 750 | 300 |
| 5 | കെ. കെ. ആന്റണി | 47714 | 450 | 750 | 300 |
| 6 | അനിൽകുമാർ എസ്. | 51500 | 450 | 750 | 300 |
| 7 | സുധീഷ് ആർ | 44404 | 450 | 750 | 300 |
| 8 | എ. റ്റി. വർഗീസ് | 42610 | 450 | 750 | 300 |
| 9 | ഷാജി റ്റി. | 45030 | 450 | 750 | 300 |
| 10 | മാലിക് പി. | 45290 | 450 | 750 | 300 |
| 11 | ഹരി റോയ് | 47600 | 450 | 750 | 300 |
| 12 | മനോജ് കെ. പി. | 46310 | 450 | 750 | 300 |
| 13 | ബിബിൻ ജെ. | 41664 | 450 | 750 | 300 |
| | | ആകെ | | | 3900 |

2) **ക്രഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡ് (സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അടിസ്ഥാന ശമ്പളം തന്നെയാണ് 6 മാസത്തെ ശമ്പളമാക്കി നൽകിയിരിയ്ക്കുന്നത്)**
**(രസീത് നം. 1240501822/13.03.2025, 1240501821/13.03.2025)**

| ക്രമ. നം. | ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | 6 മാസത്തെ ശമ്പളം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവായി ഈടാക്കിയത് |
|---|---|---|---|---|---|---|
| 1 | രേഷ്മ എസ്., ട്രയിനി കേന്ദ്ര മാനേജർ | 18668 | 18668 X 6 = 112008 | 180 | 1000 | 820 |
| 2 | അസ്ഹിത കെ. മനോഹർ, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| 3 | ഗോപിക എസ്. നായർ, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| 4 | ദേവനന്ദന സുനിൽ, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| 5 | ആരതി വിനോദ്, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| | | | ആകെ | | | 3820 |

ശമ്പള സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കാതെയാണ് തൊഴിൽ നികുതി ഈടാക്കിയിരിയ്ക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/05.11.25ന് തൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആകെ കുറവായി ഈടാക്കിയ (3900+3820) 7720/- രൂപ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി കാലയളിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ, വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതതിൽ ഉള്ള കെട്ടിടത്തിലെ മുറികളുടെ വാടക ഇനത്തിൽ 2024-25 സാമ്പത്തിക വർഷം 51,960/- രൂപ ഈടാക്കാൻ അവശേഷിയ്ക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറി നം.5/05.11.2025 ന് ലഭ്യമാക്കിയ മറുപടി, രസീത് എന്നിവ പരിശോധിച്ചതിൽ നിലവിൽ ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും നിലവിലും വാടക ഈടാക്കിയിട്ടില്ല.

| റൂം നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|
| 3/535 ഇ | കുഞ്ഞുമോൾ, പന്തപ്ലാവിൽ | 3660 X 12 = 43920 |
| 3/542 | ഗിരീഷ് കുന്നത്ത് | 4020 X 2 = 8040 |
| | ആകെ | 51960 |

ശ്രീമതി കുഞ്ഞുമോളിൽ നിന്നും രണ്ട് ലക്ഷം രൂപ വാടക നിക്ഷേപമായി വാങ്ങിയിട്ടുണ്ടെന്നും ടി തുകയിൽ നിന്നും വാടക ഈടാക്കുന്നതാണെന്നും എൻക്വയറിയ്ക്ക് മറുപടി നൽകി. 2024-25 സാമ്പത്തിക വർഷം വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിയ്ക്കുന്ന 51960/- രൂപ അടിയന്തരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

2) വിവിധ വാടക ഇനങ്ങളിലായി മുൻവർഷം വരെ (31.03.2024 വരെ) ചുവടെ ചേർക്കും പ്രകാരം കുടിശ്ശികയുണ്ട്.

| | |
|---|---|
| മുറിവാടക | 3,07,387 |
| മാർക്കറ്റ് വരവ് | 1,56,447 |
| മറ്റ് വാടകകൾ | 4,25,618 |

കുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/05.11.25) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന് ലഭിയ്ക്കേണ്ട തനത് വരുമാനം ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. കുടിശ്ശിക വരുത്തിയ ഇനം, വ്യക്തികളുടെ വിശദാംശം എന്നിവ പരിശോധിയ്ക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിയ്ക്കേണ്ടതും കുടിശ്ശിക ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

3) ഗ്രാമപ്പഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന മുറികളുടെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. വാടകക്കാരുമായി വാടക സംബന്ധിച്ച വ്യവസ്ഥകൾ എഴുതിച്ചേർത്ത കരാർ തയ്യാറാക്കിയിട്ടില്ല. വാടക രജിസ്റ്റർ പരിശോധിച്ചതിൽ കുടിശ്ശിക വരുത്തിയാൽ 1 ശതമാനം പിഴപ്പലിശയാണ് നിലവിൽ ഈടാക്കുന്നത്. വാടക രജിസ്റ്റർ സൂപ്പർവൈസറി ഓഫീസർ ഉപരിപരിശോധന നടത്തിയിട്ടില്ല.

വാടക രജിസ്റ്റർ രസീത് നമ്പർ ചേർത്ത് കൃത്യമായ രേഖപ്പെടുത്തൽ നടത്തി ഉപരിപരിശോധന നടത്തി സൂക്ഷിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ഓണം അഡ്വാൻസ്--തിരികെ ഈടാക്കിയിട്ടില്ല

2024-25 സാമ്പത്തിക വർഷം ഓണം അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയ തുകയിൽ ചുവടെ ചേർക്കുന്ന ജീവനക്കാരനിൽ നിന്നും നാളിതുവരെ തുക തിരികെ ഈടാക്കിയിട്ടില്ല.

| ജീവനക്കാരുടെ വിശദാംശം | നൽകിയ തുക | ഈടാക്കിയ തുക | ഈടാക്കാനുള്ള തുക |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ സി., സെക്രട്ടറി | 20000 | 12000 | 8000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/10.11.25) ടിയാൻ നിലവിൽ ജോലിചെയ്യുന്ന വട്ടവട ഗ്രാമപഞ്ചായത്തിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്നും തുക അടയ്ക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.
വാർഷിക ധനകാര്യപത്രിക ബി-18 പത്രികയിൽ 31.03.2024 വരെ ഈടാക്കാൻ അവശേഷിയ്ക്കുന്ന 21,000/- രൂപ സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ വിശദാംശം ലഭ്യമല്ല. രേഖകൾ പരിശോധിച്ച് കുടിശ്ശിക സംബന്ധിച്ച് വിശദാംശം അറിയിയ്ക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ മുൻകൂർ ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-17 മുൻകൂറായി നൽകുന്ന തുകകൾ ക്രമീകരിയ്ക്കുന്നില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ തുക നൽകിയതിന്റെ വിശദാംശം ലഭ്യമല്ല.

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460500201 | ഡെപ്പോസിറ്റ്- വാട്ടർ അതോറിറ്റിയ്ക്ക് നൽകിയത് | 687986 |
| 460500202 | ഡെപ്പോസിറ്റ്- ഇലക്ട്രിസിറ്റി ബോർഡിന് നൽകിയത് | 5598383 |
| 460500501 | മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയത് | 180000 |
| 460509901 | മറ്റുള്ളവ (രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല) | 1315860 |

മേൽ തുകകൾ ഏജൻസികൾ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/10.11.2025 ന് മറുപടി ലഭ്യമാക്കിയില്ല. ദീർഘകാലമായി നൽകിയ മുൻകൂറുകൾ സംബന്ധിച്ച് പരിശോധിയ്ക്കേണ്ടതും ചെലഴിച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിയ്ക്കേണ്ടതുമാണ്.

## 1-18 സർക്കാരിലേയ്ക്ക്/സ്ഥാപനങ്ങളിലേയ്ക്ക് അടയ്ക്കുവാനുള്ള തുകകൾ യഥാസമയം അടയ്ക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക B9 ഷെഡ്യൂൾ പ്രകാരം സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | വിശദാംശം | തുക |
|---|---|---|
| 350200203 | KCWWF | 61,359 |
| 350300101 | Government And Other Dues Payable - Library Cess | 123,731 |
| 350300199 | Government And Other Dues Payable – Others (Barrel) | 572,080 |
| 350400999 | Refund Of Unutilised Grants - Prior Period | 102500 |

മേൽ തുകകൾ നിലവിൽ അതത് സർക്കാരിലേയ്ക്ക്/സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.21/11.11.2025) മറുപടി ലഭ്യമാക്കിയില്ല. സർക്കാരിലേയ്ക്ക്/സ്ഥാപനങ്ങളിലേയ്ക്ക് തുക അടവാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിയ്ക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ബാധ്യതയായി തുടരുന്നു

വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന തുക ചെലവഴിയ്ക്കാൻ ശേഷിയ്ക്കുന്നു.

| ശീർഷകം | വിശദാംശം | തുക |
|---|---|---|
| 320100181 | സമ്പൂർണ്ണ ശുചിത്വം | 968,256 |
| 320100191 | നിർമ്മൽ പുരസ്ക്കാരം | 43,236 |
| 320100999 | മറ്റ് ബാധ്യതകൾ | 368,168 |
| 320200304 | ഗ്രാന്റ്/സോളിഡ് വേസ്റ്റ് മാനോജ്മെന്റ് | 351,200 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ പൂർണ്ണമായ വിശദാംശം ചേർത്ത് രജിസ്റ്റർ കാലികമാക്കാത്തതിനാൽ മേൽ തുകകൾ ലഭിച്ച കാലയളവ്, ഉദ്ദേശ്യം, ലഭിച്ച ഏജൻസി എന്നിവ വ്യക്തമായിട്ടില്ല. ടി തുകകൾ ചെലവഴിയ്ക്കാത്തതിന് കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/11.11.25) മറുപടി ലഭ്യമാക്കിയില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലഴിയ്ക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-20 വാട്ടർ ചാർജ് കുടിശ്ശിക ക്രമീകരിച്ചിട്ടില്ല

| ക്രമ നം. | പ്രോജക്ട് നം | ചെലവ് |
|---|---|---|
| 1 | S0135/25 – പൊതുടാപ്പുകൾ വിച്ഛേദിക്കൽ | 53000/- (വികസനഫണ്ട്)<br>ബിൽ നം.34/31.1.25 |
| 2 | S0003/25 – വെള്ളക്കരം അടയ്ക്കൽ | 10,85,795/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>വിവിധ വൗച്ചറുകൾ പ്രകാരം |

ഗ്രാമപ്പഞ്ചായത്തിൽ വാട്ടർചാർജ് ഒടുക്കിയിരുന്ന 64 ടാപ്പുകളിൽ 51 എണ്ണം വിച്ഛേദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 53000/-രൂപ വാട്ടർ അതോറിറ്റിയുടെ കടുത്തുരുത്തി ഡിവിഷനിൽ 1/25 ൽ ഒടുക്കിയിരുന്നു. എന്നാൽ തുടർന്നുള്ള മാസങ്ങളിൽ 8/25 വരെ 64 ടാപ്പുകളുടെ ചാർജ്ജും ഫൈനും ഉൾപ്പടെയുള്ള ബില്ലാണ് ലഭിച്ചുകൊണ്ടിരുന്നത്. പഞ്ചായത്ത് 13 ടാപ്പുകളുടെ ബിൽ തുക കണക്കാക്കി 15772/- രൂപ നിരക്കിൽ പ്രതിമാസ വാട്ടർ ചാർജ് ഒടുക്കി വന്നു. വാട്ടർ അതോറിറ്റിയുടെ 2025 സെപ്റ്റംബർ മാസത്തെ ബില്ലിലാണ് സംയുക്തപരിശോധനയ്ക്കു ശേഷം നിലനിർത്തിയ 13 ടാപ്പുകളുടെ വാട്ടർചാർജ് 15772/- രൂപയായി നിജപ്പെടുത്തിയത്.

വെള്ളക്കരം കുടിശിക അടയ്ക്കുന്നതിന് പഞ്ചായത്ത് പ്രോജക്ട് നം.S0003/25 ആയി മറ്റൊരു പ്രോജക്ട് രൂപീകരിക്കുകയും 10,85,765/- രൂപ ഒടുക്കുകയും ചെയ്തു. എന്നാൽ നിലവിലും വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം കുടിശ്ശിക 14,05,503 + 27569 (ഫൈൻ) ആണ്.

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക ക്രമീകരിക്കേണ്ടതും ബിൽ തുക കൃത്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-21 സി സി ടി വി ക്യാമറകൾ പ്രവർത്തിക്കുന്നില്ല

പ്രോജക്ട് നം.195/25 – സി സി ടി വി ഇൻസ്റ്റലേഷൻ

ചെലവ് - 54441/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
വൗച്ചർ നം. XVFC 2024-25/P/107/27.3.25
2023-24 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യനിക്ഷേപം തടയുന്നതിനു വേണ്ടി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്ന് 262500/- രൂപ ചെലവഴിച്ച് ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 15 സി സി ടി വി ക്യാമറകൾ സ്ഥാപിച്ചിരുന്നു. (2023-24 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-36) ദൃശ്യങ്ങൾ മൊബൈൽ ഫോണിലൂടെയോ ലാപ്ടോപ്പിലോ നിരീക്ഷിക്കുന്ന സംവിധാനത്തിന് 2 GBയുടെ 15 സിം കാർഡുകൾ ആക്ടിവേറ്റ് ചെയ്യുകയും ചെയ്തു.എന്നാൽ ദൃശ്യങ്ങൾക്ക് വ്യക്തതയില്ലാതെ വരികയും ദൃശ്യങ്ങൾ സ്റ്റോർ ചെയ്യാൻ സാധിക്കാതെ വരികയും ചെയ്തതിനാൽ ക്യാമറകൾ മോണിറ്റർ ചെയ്യുന്നതിന് 32 Inch Google TV വാങ്ങുന്നതിനും കേടായ ക്യാമറകൾ നന്നാക്കുന്നതിനും കമ്മിറ്റി തീരുമാനമെടുത്തു. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക സൂചിപ്പിച്ച SA Energy Solution,Kollam എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും പർച്ചേസ് നടത്തുകയും ചെയ്തു. നിലവിലും സി സി ടി വി ക്യാമറകൾ പ്രവർത്തിക്കുന്നില്ലെന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. ക്യാമറകൾ പ്രവർത്തിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിററ് എൻക്വയറി നം. 11/7.11.25 ന് മറുപടി നൽകിയിട്ടില്ല.
ശരിയായ ആസൂത്രണമില്ലാതെയും ദീർഘവീക്ഷണമില്ലാതെയും പ്രോജക്ട് നടപ്പാക്കിയതിനാലാണ് ഫലപ്രാപ്തി കൈവരിക്കാൻ സാധിക്കാതെ വന്നത്. ലക്ഷ്യം കൈവരിക്കാത്തിനാൽ തൻവർഷം ചെലവഴിച്ച 54,441/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സി സി ടി വി ക്യാമറകളും മോണിറ്റർ സംവിധാനവും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-22 പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി</u>

| പ്രോജക്ട് നം പേര് | ഫണ്ടിനം | ചെലവ് വിശദാംശങ്ങൾ |
|---|---|---|
| S0057/25 – വിവിധ സ്കൂളുകളിൽ കലാകായിക അധ്യാപകരുടെ സേവനം | വികസന ഫണ്ട് – 50400/- | ബിൽ നം. 16/20.3.25 രൂപ 50400/- |
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 148640/- (62640 + 86000) | XVFC/2024-25/P/96/22.3.25 രൂപ 62640/- XVFC/2024-25/P/29/22.3.25 <u>86000/-</u> |
| ആകെ | 199040/- | 199040/- |

ഹെഡ്മിസ്ട്രസ് ഗവ.എൽ പി എസ്, നേരേകടവ് നിർവ്വഹണോദ്യോഗസ്ഥയായ മേൽ പ്രോജക്ട് പ്രകാരം ഗവ.യു പി എസ്, അക്കരപ്പാടം, ഗവ.എൽ പി എസ് പടിഞ്ഞാറേക്കര, ഗവ.എൽ പി എസ് ഇരുമ്പൂഴിക്കര, ഗവ.എൽ പി സ്ക്കൂൾ നേരേകടവ്, ഗവ എൽ പി എസ് വാഴമന, ഗവ യു പി എസ് ഉദയനാപുരം എന്നീ 6 സ്ക്കൂളുകളിൽ കുട്ടികളെ നൃത്തം പരിശീലിപ്പിക്കുന്നതിന് 2 നൃത്തപരിശീലകരെ നിയമിച്ചു. ഇവർക്ക് പ്രതിഫലമായി ഒരു ദിവസത്തെ ക്ലാസിന് 600/-നിരക്കിൽ 42 ദിവസത്തേയ്ക്ക് 25200/-രൂപ വീതം 50400/- രൂപ നൽകിയിട്ടുണ്ട്. ഇതു കൂടാതെ സ്കൂളുകളിലെ വാർഷികാഘോഷത്തിന് വിവിധ കലാപരിപാടികൾക്ക് കുട്ടികൾക്ക് ആവശ്യമായ കോസ്റ്റ്യൂമും മേക്കപ്പും ചെയ്തതിന് ചമയം

കോസ്റ്റ്യൂംസ് ആന്റ് മേക്കപ്പ് വർക്ക്സ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ. സുധീഷ് T S ന് 1,48,640/-രൂപയും നൽകിയിട്ടുണ്ട്.

എന്നാൽ നൃത്തപരിശീലനത്തിന് പരിശീലകരെ നിയമിക്കൽ, സ്കൂൾ വാർഷികാഘോഷത്തിന് കലാപരിപാടികൾക്ക് കോസ്റ്റ്യൂം, മേക്കപ്പ് തുടങ്ങിയ കാര്യങ്ങൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാമെന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/12.11.25 ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് പരാമർശം മുൻനിർത്തിയുള്ള വിശദീകരണമല്ലാത്തതിനാൽ പരിഗണിക്കത്തക്കതല്ല. ആയതിനാൽ പ്രോജക്ടിനു ചെലവഴിച്ച 199040/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 തെരുവുവിളക്കുകളും അനുബന്ധഉപകരണങ്ങളും സ്ഥാപിച്ചിട്ടില്ല-ചെലവു തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട്നം | S0278/25 |
| ചെലവ് തുക | 258380/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽനമ്പർ | XVFC 2024-25/P/99/24.3.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ട് പ്രകാരം ORO Enterprises, ടി വി പുരം, വൈക്കം എന്ന സ്ഥാപനത്തിൽ നിന്ന് ധനകാര്യകമ്മീഷൻ ഗ്രാന്റ് 258380/-രൂപ ചെലവഴിച്ച് താഴെപ്പറയുന്ന തെരുവുവിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

15W LED Bulb -1000 Nos
Single Core Wire – 60
Dual Core Wire – 4
Shade – 2000 Nos
9 W LED Bulb – 1000 Nos

എന്നാൽ ഇവ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.തെരുവുവിളക്കുകളും അനുബന്ധഉപകരണങ്ങളും പോസ്റ്റുകളിൽ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/16.11.25ന് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് 2025-26 വർഷം പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിവരുന്നു എന്ന് മറുപടി നൽകിയിട്ടുണ്ട്.വാങ്ങിയ തെരുവുവിളക്കുകൾ ഇൻസ്റ്റാൾ ചെയ്ത് വിവരമറിയ്ക്കുന്നതു വരെ പ്രോജക്ടിനു ചെലവഴിച്ച 258380/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നടപ്പാക്കിയതിൽ തെരുവ് വിളക്കുകളുടെ പരിപാലനം സംമ്പന്ധിച്ച മാർഗരേഖയിലെ (സർക്കുലർ നം 3055/ഡി.എ3/2011/ത.സ്വ.ഭ.വ, 15.09.2011) ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന് കാണുന്നു.

(1) പ്രോജക്ട് രൂപീകരണത്തിന്റെ ഭാഗമായി വാർഡ് തലത്തിൽ ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. അറ്റകുറ്റപണി നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിച്ചിട്ടില്ല. വിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടുള്ളതിന്റെ മാനദണ്ഡം വ്യക്തമല്ല.

2)പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ,

സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

3)കരാറിലെ 13-ാം വ്യവസ്ഥയനുസരിച്ച് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ചുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആദ്യഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പരാതികൾ കാലതാമസം കൂടാതെ പരിഹരിച്ചുനൽകേണ്ടതുമാണ്. കരാറിലെ 14-ാം വ്യവസ്ഥയനുസരിച്ച് എല്ലാമാസവും രജിസ്റ്റർ സെക്രട്ടറിയ്ക്കോ, ഭരണസമിതി ചുമതലപ്പെടുത്തിയിരിക്കുന്ന ആൾക്കോ മുമ്പാകെ കാണിച്ച് പരാതികൾ ഒന്നുമില്ല എന്ന് ബോധ്യപ്പെടുത്തി രജിസ്റ്റർ ഒപ്പിട്ട് വാങ്ങേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ കരാർ വ്യവസ്ഥകളൊന്നും പാലിച്ചിട്ടുള്ളതായി രേഖകളില്ല.

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നം. 221/25, ഇൻസിനറേറ്റർ വാങ്ങൽ
ചെലവ് - 19750 (ബിൽ നം. 43/17.3.25)
ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വികസന ഫണ്ടിൽ നിന്ന് 19750/- രൂപ (ബിൽ നം.43/17.3.25)ചെലവഴിച്ച് പാലക്കാട് SURGI WORLD എന്ന സ്ഥാപനത്തിൽ നിന്ന് ഇൻസിനറേറ്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഇൻസിനറേറ്റർ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ അശ്രദ്ധമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഇൻസിനറേറ്റർ സ്ഥാപിക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/6.11.25ന് മറുപടി ലഭ്യമാക്കിയില്ല. 3/25ൽ വാങ്ങിയ ഇൻസിനറേറ്റർ 8 മാസത്തോളമായി സ്ഥാപിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഇൻസിനറേറ്റർ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കി വിവരമറിയിക്കുന്നതു വരെ പ്രോജക്ടിനു ചെലവഴിച്ച 19750/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 അങ്കണവാടിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട്നം. S0189/25 അങ്കണവാടി നിർമ്മാണം
നിർവ്വഹണം - സെക്രട്ടറി
2022-23 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 8 ലക്ഷം രൂപ തൊഴിലുറപ്പു പദ്ധതി വിഹിതവും 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും 2 ലക്ഷം രൂപ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും വഹിക്കുന്നു. പദ്ധതിയുടെ ഭാഗമായി വനിത ശിശു വികസന ഡയറക്ടറുടെ ഉത്തരവു നം.DWCD/1999/2023-ICDSA7 തീയതി 16.08.24 പ്രകാരം മരങ്ങാട് അങ്കണവാടി നിർമ്മാണത്തിന് വികസന ഫണ്ടിൽ നിന്ന് 2 ലക്ഷം രൂപ (ബിൽ നം.16/17.3.25) 22.3.25 തീയതിയിൽ തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.12/7.11.25 ന് പ്രോജക്ടിനു വകയിരുത്തിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 8 ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെന്നും നിർമ്മാണം പുരോഗമിക്കുന്നുവെന്നും മറുപടി നൽകിയിട്ടുണ്ട്. അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 നിക്ഷേപപ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0298/25 – ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് |
| ചെലവ് വിശദാംശങ്ങൾ | വികസന ഫണ്ട്<br>13112/- ബിൽ നം. 37/10.2.25 (KSEB, വൈക്കം ഡിവിഷൻ<br>25263/- ബിൽ നം 47/17.3.25 (KSEB, ചെമ്പ് ഡിവിഷൻ) |
| ആകെ | 38,375 |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപ്പഞ്ചായത്തിലെ 4ാം വാർഡ് മഠത്തിപ്പറമ്പ് ലൈനിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് KSEB വൈക്കം ഡിവിഷനിൽ 13112/- രൂപയും വാർഡിൽ മരക്കലം തറ ഉമ്പക്കാട്ട് കോളനി ഭാഗത്ത് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 25263/- രൂപ KSEB വൈക്കം ഡിവിഷനിലും മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗവിവരവും പ്രവൃത്തിയുടെ പൂർത്തീകരണവിവരവും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ പ്രോജക്ടിനു ചെലവഴിച്ച 38375/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ബാരൽ വില, ജി. എസ്. റ്റി എന്നിവ കുറവായി ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം. 220/25 (ആഞ്ഞിലിത്തറ ശാന്തിനഗർ റോഡ് ടാറിംഗ്)
അടങ്കൽ- 700000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ്- 700000/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ
ഉദയനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രവൃത്തിയുടെ ബില്ലിൽ നിന്നും ബാരൽ വില 2380/- രൂപയും ജി. എസ്. റ്റി 430/- രൂപയുമാണ് കുറവ് ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് പ്രൈം കോട്ട്, ടാക് കോട്ട്, എം. എസ്. എസ് എന്നിവ 656.7 M2 വീതമാണ് ചെയ്തിട്ടുള്ളത്. ആയതിന് 13 ബാരൽ ടാർ ഉപയോഗിച്ചിട്ടുണ്ട്. ബില്ലിൽ നിന്നും 13 ബാരലുകളുടെ വില 3094/- രൂപയും ജി. എസ്. റ്റി 557/- രൂപയും ഈടാക്കേണ്ടതായിരുന്നു. ബാരൽ വിലയിനത്തിൽ 714/- രൂപയും ജി.എസ്.റ്റി ഇനത്തിൽ 128/- രൂപയും കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15/10.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബാരൽവില അക്കൗണ്ട് ചെയ്യുന്നതിന് കെ സ്മാർട്ടിൽ ഹെഡ് നിലവിലില്ല എന്നും ഹെഡ് ചേർക്കുന്നതിന് IKM നെ അറിയിച്ചിട്ടുണ്ടെന്നും അറിയിച്ചു. ബാരൽ വില 714/- രൂപയും ജി.എസ്. റ്റി 128/- രൂപയും കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 റോഡ് ടാറിംഗ് പ്രവത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തത് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

2024-25 വർഷം ഉദയനാപുരം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | കുറവ് ചെയ്ത ബാരൽ വില, | 18% ജി.എസ്.റ്റി | ഫണ്ടിനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 161/25, വടയാർ മനക്കൽ കലുങ്ക് റോഡ് ടാറിംഗ് | 4760 | 860 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 2 | 160/25, ഒ എൽ എച്ച് കോളനി റോഡ് ടാറിംഗ് | 5236 | 946 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 3 | 162/25, ഐ എച്ച് ഡി പി കോളനി റോഡ് | 3806 | 688 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 4 | 164/25, വാടാചിറ തുരുത്തേൽ റോഡ് ടാറിംഗ് | 5712 | 1032 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 5 | 181/25 ചെട്ടിമംഗലം ഭജനമഠം റോഡ് റീടാറിംഗ് | 5474 | 989 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 6 | 182/25, പട്ടേരി ആറ്റമാലി റോഡ് ടാറിംഗ് | 3808 | 688 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 7 | 183/25, മുട്ടങ്കൽ ചിറപ്പാട് റോഡ് ടാറിംഗ് | 3808 | 688 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 8 | 184/25, സെന്റ്മേരീസ് നക്കണ്ട തുരുത്ത് റോഡ് ടാറിംഗ് | 5236 | 946 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 9 | 198/25, കെ ആർ നാരായണൻ റോഡ് ടാറിംഗ് | 4760 | 860 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 10 | 32/25, കണ്ണം പുഞ്ച കളപ്പുരതട്ട റോഡ് ടാറിംഗ് | 4046 | 731 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 11 | 211/25, സബ് സ്റ്റേഷൻ കോടാലിച്ചിറ റോഡ് ടാറിംഗ് | 5712 | 1032 | മെയിന്റനൻസ് ഫണ്ട് റോഡ് |
| | ആകെ | 52358 | 9460 | |

മേൽ തുക ഏത് ശീർഷകത്തിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് എന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 14/10.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ പരിശോധിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ബാരൽ വിലയും ജി.എസ്.റ്റിയും സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-29 ഓഡിറ്റ് ഇംപാക്ട് - കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല- ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴ ഒടുക്കി.**

ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയിൽ കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തിയാക്കിയിരുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിന് കരാറുകാർ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി കരാർ വെക്കുകയോ ചെയ്തിരുന്നില്ല. കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണ ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 25 % അഥവാ 6 മാസം ഏതാണോ കുറവ് അത്രയും കാലം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. പരമാവധി ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 50 %

ദീർഘിപ്പിച്ചു നൽകാവുന്നതാണ്. സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിയ്ക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതികളിൽ ആദ്യത്തെ 3 മാസത്തിന് PAC യുടെ 1 % ഉം അതിനുശേഷം 2 % ഉം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. പിഴ ഈടാക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | കരാറുകാരൻ | സൈറ്റ് കൈമാറിയ തീയതി, പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | PAC | ഈടാക്കേ-ണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 216/25 – വിവിധ വാർഡുകളിലെ തോടുകൾക്ക് ആഴം കൂട്ടി കല്ലുകെട്ട് | രാജീവ് പി. പി, പുത്തൻപുരയ്ക്കൽ, മറവൻതുരുത്ത് | 15.2.2024, 6 മാസം 14.8.24 വരെ | 17.12.24 | 1115136 | 11151 |

കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ചും സപ്ലിമെന്ററി കരാർ വെയ്ക്കാതിരുന്നത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 13/10.11.2-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയയിന്റെ അടിസ്ഥാനത്തിൽ 11151/- രൂപ 12.11.25 ലെ 25001676-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീത് ഹാജരാക്കി.

**1-30 ലൈഫ്ഭവനപദ്ധതി - ഫേസ് 2 -ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരികരിച്ചിട്ടില്ല**

പ്രോജക്ട് നം. S0185/25 ലൈഫ്ഭവനപദ്ധതി - ഫേസ് 2 അഡീഷണൽ ലിസ്റ്റ്
അടങ്കൽ - 24,60,000/-
ചെലവ് – 13,40,000/-
അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി ഫേസ് 2 പ്രോജക്ടിൽ താഴെ പ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1) | തങ്കമ്മ അടിമത്തറയിൽ | 40,000 (മുൻകൂർ 2023-24)<br>100,000 (ചെക്ക് നം. 441636/27.11.24)<br>40,000 (ബിൽ നം.24/17.12.24)<br>1,60,000 (ബിൽ നം 27/7.1.25) |
| | ആകെ | 3,40,000/- |
| 2) | ഗൗരി മഠത്തിപ്പറമ്പിൽ | 40,000 (2021-22)<br>1,60,000 (ബിൽ നം18/14.10.24) |

| | | |
|---|---|---|
| | | 1,00,000 (ബിൽ നം 19/27.6.25) |
| | ആകെ | 3,00,000/- |

മേല്പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ, 2018-19 മുതൽ 2022-23 വർഷങ്ങളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്ന് വ്യക്തമായി. രജിസ്റ്റർ പ്രകാരം ഭവന നിർമാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, വാർഡ് | ആകെ കൈപ്പറ്റിയ തുക | ഒടുവിൽ ധനസഹായം കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഗീത ദിലീപ്, വാർഡ് 14 | 300000 | 20.1.22 |
| 2 | ഷീനാമോൾ, വാർഡ് 17 | 200000 | 29.3.19 |
| 3 | ഷിജി സുകുമാരൻ, വാർഡ് 16 | 300000 | 4.7.25 |
| 4 | ഷക്കീല, മറവൻതുരുത്ത് പഞ്ചായത്ത് സ്ഥലം | 40000 | ലഭ്യമല്ല |
| 5 | ജോബി, വാർഡ് 16 | 40000 | 11.7.23 |
| 6 | സജിത ഷിബു, വാർഡ് 3 | 350000 | 29.3.23 |

ഭവനനിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ക്രമ നം. 4, 5 ലെ ഗുണഭോക്താക്കൾ തുക ദുരുപയോഗം ചെയ്തതായി കണ്ടെത്തുന്ന പക്ഷം നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി( എസ്. സി. )- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഉദയനാപുരം ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ പടിഞ്ഞാറേക്കര സർക്കിൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി എസ്.സി വിഭാഗത്തിന്റെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 40000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു.

എ) 2023-24 വർഷത്തെ പ്രോജക്ട് പ്രകാരം

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | ബിനീഷ് കെ. സി, കറുകത്തറ വീട്, വാർഡ്-2 | 40000 | 17.5.2023 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 2 | സേതു, ചെട്ടിപ്പറമ്പത്ത്, വാർഡ്- 5 | 40000 | 17.5.2023 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 3 | അശ്വതി എൽ, രാജേഷ് കെ. ആർ, | 40000 | 17.5.2023 | ജില്ലാ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | ചേങ്കാട്ടുമഠം, വാർഡ്- 12 | | | വിഹിതം |
| 4 | സംഗീതാമോൾ, സംഗീതഭവൻ, വാർഡ്- 12 | 40000 | 17.5.2023 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 5 | വല്യമ്മണി, ചോനാട്ടുവേലി, വാർഡ്- 14 | 40000 | 17.5.2023 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 6 | സതീശൻ, നടുത്തറ, വാർഡ്- 12 | 40000 | 31.5.2023 | പ്ലാൻ ഫണ്ട് |
| 7 | സരള, ഇടവേലി, വാർഡ്- 9 | 40000 | 11.7.2023 | പ്ലാൻ ഫണ്ട് |

ബി) 2024-25 പ്രോജക്ട് പ്രകാരം (നം. 14/25 )

| ക്രമ നം | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നം/ തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | കനകമ്മ, നികർത്തിയിൽ, വാർഡ്- 10 | 40000 | 334/15.7.2024 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 2 | പപ്പൻ/കൌസല്യ, കണിയാടത്ത്, വാർഡ്- 5 | 40000 | 474/27.11.2024 | ഹഡ്കോ വായ്പ |
| 3 | ശാരദ, തുരുത്തുമ്മൽ, വാർഡ്- 17 | 40000 | 407/8.10.2024 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 4 | ഭാരതി, വട്ടത്തറ, വാർഡ്- 5 | 40000 | 407/8.10.2024 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 5 | ലത, മിഷനിവാസ്, വാർഡ്- 2 | 40000 | 487/11.12.2024 | ഹഡ്കോ വായ്പ |
| | ആകെ | 2,00,000/- | | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 28/12.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ആദ്യ പട്ടികയിലെ ക്രമ നമ്പർ 1 ലെ ശ്രീ. ബിനീഷ് കെ. സി എന്ന ഗുണഭോക്താവ് മുൻകൂർ കൈപ്പറ്റിയ 40000/- രൂപ തിരിച്ച് അടച്ചുകൊള്ളാം എന്ന് സമ്മതിച്ചതായി അറിയിച്ചു. ക്രമ നമ്പർ 2, 3, 4 എന്നിവയിലെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്തതിനെ തുടർന്ന് മുൻകൂർ കൈപ്പറ്റിയ 40000/- രൂപ വീതം തിരികെ ഈടാക്കുന്നതിന് RR നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും, ക്രമ നമ്പർ 5, 6, 7 എന്നിവയിലെ ഗുണഭോക്താക്കളും ഉപഖണ്ഡിക (ബി)യിലെ ഗുണഭോക്താക്കളും ഭവനനിർമ്മാണം ആരംഭിച്ചുകൊള്ളാം എന്നും അറിയിച്ചതായും മറുപടി ലഭ്യമാക്കി.

ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 2024-25 വർഷത്തെ പ്രോജക്ട് പ്രകാരം ഉപഖണ്ഡിക (ബി)യിലെ 5 ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയ 200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 വീട് വാസയോഗ്യമാക്കൽ ( എസ്.സി.പി )- പൂർത്തിയാക്കിയില്ല**

പ്രോജക്ട് നം. 15/25
അടങ്കൽ- 3400000/- രൂപ ( എസ്.സി.പി.)
ചെലവ്- 2750000/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, പടിഞ്ഞാറേക്കര സർക്കിൾ
ഉദയനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ

പ്രോജക്ട് പ്രകാരം 50000/- രൂപ വീതം മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കാത്തതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | രത്നമ്മ കുഞ്ഞ്കുഞ്ഞ്, കളത്തിപ്പറമ്പ്, വാഴമന | 50000 | 543/27.12.24 |
| 2 | സുധ രമേശൻ, അമൃതം, കൊടിയാട്, വൈക്കം | 50000 | 727/12.03.2025 |
| 3 | ഷൈലജ, ലക്ഷംവീട്, അക്കരപ്പാടം | 50000 | 727/12.03.2025 |
| 4 | പങ്കജാക്ഷി, 4 സെന്റ് കോളനി, ചിറപ്പാട്, വൈക്കപ്രയാർ | 50000 | 727/12.03.2025 |
| | ആകെ | 2,00,000/- | |

മേൽ ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് പൂർത്തിയാക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 29/12.11.25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 4 ഗുണഭോക്താക്കളും ഈ വർഷം തന്നെ വീട് മെയിന്റനൻസ് പൂർത്തിയാക്കിക്കൊള്ളാം എന്ന് അറിയിച്ചു. മേൽ ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ് പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ മേൽ ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ച 200000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം.245/25 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്
അടങ്കൽ – 3,00,000/- (വികസനഫണ്ട് – പൊതു വിഭാഗം)
ചെലവ് -264075(ബിൽ നം.2/20.3.25)
നിർവ്വഹണം - ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രസ്തുത പ്രോജക്ട് പ്രകാരം Bright Pearls Adventure Sports ,Alappuzha എന്ന സ്ഥാപനത്തിൽ നിന്ന് ACERകമ്പനിയുടെ 7 ലാപ് ടോപ്പുകൾ (@ 37725/-) വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.ഇതിൽ അപർണ്ണ എസ്, D/O സുധീർ കുമാർ, ചായപ്പള്ളിൽ വീട്, എന്ന വിദ്യാർത്ഥി തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ മൂന്നാം വർഷ ബി എസ് സി ബോട്ടണി ബിരുദവിദ്യാർത്ഥിയാണ്.കോളേജ് പ്രിൻസിപ്പൽ നൽകിയ 29.3.25 തീയതിയിലെ സർട്ടിഫിക്കറ്റ് പ്രകാരം അപർണ്ണ 2022 -25 അക്കാദമികവർഷത്തെ വിദ്യാർത്ഥിയാണ്. പ്രോജക്ട് പ്രകാരം ലാപ് ടോപ്പ് വാങ്ങിയത് 13.3.25 തീയതിയിലെ ഇൻവോയ്സ് പ്രകാരമാണ്. ലാപ് ടോപ്പ് വിതരണം നടത്തിയത് മാർച്ച്/ ഏപ്രിൽ മാസങ്ങളിലാണ്. മേൽസാഹചര്യത്തിൽ വിദ്യാർത്ഥിയ്ക്ക് ലാപ് ടോപ്പ് നൽകിയത് കോഴ്സ് പൂർത്തീകരിച്ചതിനു ശേഷമാണെന്ന് കാണുന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരം ബിരുദ ബിരുദാനന്തര കോഴ്സുകൾക്കോ, പ്രൊഫഷണൽ കോഴ്സുകൾക്കോ പഠിച്ചുകൊണ്ടിരിക്കുന്നവർക്കും ഗവേഷണവിദ്യാർത്ഥികൾക്കുമാണ് ലാപ് ടോപ്പ് നൽകാവുന്നത്.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.25/11.11.25 ന് നൽകിയ മറുപടിയിൽ ഗുണഭോക്താവ് അപേക്ഷ നൽകിയത് മൂന്നാം വർഷ ബിരുദവിദ്യാർത്ഥിയായിരുന്നപ്പോഴാണെന്നും നിലവിൽ മെഡിക്കൽ ഡോക്കുമെന്റേഷൻ കോഴ്സിന് പഠനം തുടരുന്നുണ്ടെന്നും വിശദീകരണം നൽകിയിട്ടുണ്ട്. തുടർപഠനത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

വിദ്യാഭ്യാസസംബന്ധമായ പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും കാലയളവുകളും വിദ്യാർത്ഥിയുടെ പഠനകാലയളവും കൃത്യമായി വിലയിരുത്തി പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിദ്യാർത്ഥിയുടെ തുടർപഠനം സംബന്ധിച്ച് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതിനാൽ ടിയാൾക്ക് ലാപ് ടോപ്പിനായി ചെലവഴിച്ച 37,725/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ജൽജീവൻ മിഷൻ പദ്ധതി- അവലോകനം

ഭാരത സർക്കാരിന്റെ പ്രധാന പദ്ധതിയായ ജൽ ജീവൻ മിഷൻ, എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പ്രവർത്തനക്ഷമമായ ഗാർഹിക പൈപ്പ് ജല കണക്ഷനുകൾ ലഭ്യമാക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്. പദ്ധതിക്കായുള്ള സാമ്പത്തിക സഹായം നൽകുക, സ്ഥലം തിരഞ്ഞെടുക്കുന്നതിന് മേൽനോട്ടം വഹിക്കുക, ജലവിതരണ സംവിധാനങ്ങളുടെ പ്രവർത്തനവും പരിപാലനവും കൈകാര്യം ചെയ്യുക, തുടങ്ങി മിഷന്റെ നിർവ്വഹണത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നു. കുടിവെള്ള വിതരണത്തിന് സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയായി കേരള വാട്ടർ അതോറിറ്റി പ്രവർത്തിക്കുന്നു. 50:50 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത്. വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ജലസ്രോതസ്സുകൾ, ശുദ്ധീകരണ പ്ലാന്റുകൾ, പൈപ്പ് ലൈനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ജലവിതരണ സംവിധാനങ്ങളുടെ പൂർത്തീകരണത്തിന് ശേഷമുള്ള തുടർച്ചയായ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ, ജൽ ജീവൻ മിഷൻ പദ്ധതിയിൽ, കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. ഗ്രാമപഞ്ചായത്തിൽ, ജൽ ജീവൻ മിഷൻ പദ്ധതിക്കായി 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതം (15%), ഗുണഭോക്തൃവിഹിതം (10%) എന്നിവ അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്ട് നം/ പേര് | അടങ്കൽ | ചെലവ് | കുറിപ്പ് |
|---|---|---|---|---|
| 2021-22 | 120/22 – ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം | 300000 | 0 | |
| 2022-23 | 106/23 – ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം | 1036634 | 1036634 | വിനിയോഗ വിവരം ലഭിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതം ശേഖരിച്ച് അടവാക്കേണ്ട എന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട് . 1(16)/11.10.22 |
| 2023-24 | 23/24 – ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം | 200000 | 0 | മുൻവർഷത്തെ വിനിയോഗ വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ തുക കൈമാറിയില്ല. |
| 2024-25 | 39/25 – | 150000 | 0 | മുൻവർഷത്തെ വിനിയോഗ വിവരം |

| | | | | |
|---|---|---|---|---|
| | ജൽജീവൻ മിഷൻ പഞ്ചായത്ത് വിഹിതം | | | ലഭിച്ചിട്ടില്ലാത്തതിനാൽ തുക കൈമാറിയില്ല. |

ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി, ബഹു. എം. എൽ. എ. മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

## 1-36 ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

**ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.**

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

**ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ**

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള

സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം**

ഉദയനാപുരം ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 5 (4 സബ് സെന്റർ), ഹോമിയോപ്പതി - 1, ആയുർവേദ – 1 എന്നിങ്ങനെ 7 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

സ്കീം 1

| കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | - | - | 5550000 | - | 5550000 |
| | ചെലവ് | - | - | - | 4016665 | 4016665 |
| | നീക്കിയിരിപ്പ് | | | | | 1533335 |

സ്കീം 3

| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | - | 264733 | 912000 | 381000 | 1557733 |
| | ചെലവ് | - | 194203 | 160030 | 300259 | 654492 |
| | നീക്കിയിരിപ്പ് | - | 70530 | 751970 | 80741 | 903241 |

സ്കീം 4

| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|
| | വരവ് | | 135000 | 383000 | 609000 | 1127000 |
| | ചെലവ് | | 134843 | 132166 | 162921 | 429930 |
| | നീക്കിയിരിപ്പ് | | 157 | 250834 | 446079 | 697070 |

2023-24 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു കിട്ടിയത് 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ ആയതിനാൽ 2025-26 സാമ്പത്തിക വർഷം ആയത് ചെലവഴിക്കാനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പുതിയ സാമൂഹ്യാരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം (ഉപകേന്ദ്രം ചെട്ടിമംഗലം, വടക്കേമുറി) പുരോഗമിക്കുന്നു. സ്കീം 3, സ്കീം 4 എന്നിവയിലുൾപ്പെടുത്തി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും സബ്സെന്ററുകൾക്കുമായി വാങ്ങിയ ആശുപത്രി ഉപകരണങ്ങൾ /ഫർണ്ണിച്ചർ എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറാ ബാങ്ക് , വൈക്കം ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042519639 |

| | |
|---|---|
| ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042520076 |
| കെട്ടിടങ്ങളില്ലാത്ത സാമൂഹ്യരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110042520050 |

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. സാമൂഹ്യാരോഗ്യ കേന്ദ്രം പുതിയ കെട്ടിട നിർമ്മാണം അസിസ്റ്റന്റ് എഞ്ചിനീയറാണ് (LID & EW) നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും നടത്തിവരുന്നു.

ഹെൽത്ത് ഗ്രാന്റിനത്തിൽ ഓരോ സ്കീമിലെയും പാസ് ബുക്ക് പ്രകാരം 31.3.25 ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) സ്കീം 1 – 1853540
2) സ്കീം 3 – 963606/-
3) സ്കീം 4 – 713301/-

(മേൽ തുകകളിൽ അക്കൗണ്ടുകളിൽ ലഭ്യമായ പലിശയും ഉൾപ്പെടുന്നുണ്ട്)

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

മൂന്ന് സ്കീമുകളിലുമായി ആകെ 35.30 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. ടി തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയോ നിലവിലുള്ള പൂർത്തീകരിക്കുകയോ ചെയ്യുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 പുതുക്കിയ നിരക്കിലുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം എന്നിവയിലെ തൊഴിൽ നികുതി സ്ലാബുകൾ സ.ഉ.(സാധാ) നം.1149/2024/ LSGD തീയതി. 27-06-2024 ഉത്തരവ് പ്രകാരം 01.10.2024 മുതൽ പരിഷ്ക്കരിച്ചിരുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഉത്തരവ് പ്രകാരം പുതുക്കിയ നിരക്കിലാണൊ സ്ഥാപനം തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് നൽകിയിരിയ്ക്കുന്നതെന്ന് പരിശോധിച്ചതായി കാണുന്നില്ല. സ്ഥാപനം ഹാജരാക്കിയ ലിസ്റ്റ് പ്രകാരമുള്ള തുക ഈടാക്കുകയാണ് ചെയ്തിരിയ്ക്കുന്നത്. ചുവടെ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പരിഷ്ക്കരിച്ച നിരക്കിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. **ഇറോസ് ഓയിൽ മിൽസ് (പ്രൈ.ലിമി.) (രസീത് നം. 1240501334/04-02-2025)**

| ക്രമ നം. | പേര് | അർദ്ധ വാർഷിക ശമ്പളം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവായി ഈടാക്കിയത് |
|---|---|---|---|---|---|
| 1 | റോയ് പി. ജോസഫ് | 57120 | 450 | 750 | 300 |
| 2 | ജോസ് ജോസഫ് | 55216 | 450 | 750 | 300 |
| 3 | പി. കെ. കുഞ്ഞുമണി | 46701 | 450 | 750 | 300 |
| 4 | വി. തോമസ് കുട്ടി | 45988 | 450 | 750 | 300 |
| 5 | കെ. കെ. ആന്റണി | 47714 | 450 | 750 | 300 |
| 6 | അനിൽകുമാർ എസ്. | 51500 | 450 | 750 | 300 |
| 7 | സുധീഷ് ആർ | 44404 | 450 | 750 | 300 |
| 8 | എ. റ്റി. വർഗീസ് | 42610 | 450 | 750 | 300 |
| 9 | ഷാജി റ്റി. | 45030 | 450 | 750 | 300 |
| 10 | മാലിക് പി. | 45290 | 450 | 750 | 300 |
| 11 | ഹരി റോയ് | 47600 | 450 | 750 | 300 |
| 12 | മനോജ് കെ. പി. | 46310 | 450 | 750 | 300 |
| 13 | ബിബിൻ ജെ. | 41664 | 450 | 750 | 300 |
| | | ആകെ | | | 3900 |

2) **ക്രഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡ് (സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അടിസ്ഥാന ശമ്പളം തന്നെയാണ് 6 മാസത്തെ ശമ്പളമാക്കി നൽകിയിരിയ്ക്കുന്നത്)**
**(രസീത് നം. 1240501822/13.03.2025, 1240501821/13.03.2025)**

| ക്രമ. നം. | ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | 6 മാസത്തെ ശമ്പളം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവായി ഈടാക്കിയത് |
|---|---|---|---|---|---|---|
| 1 | രേഷ്മ എസ്., ട്രയിനി കേന്ദ്ര മാനേജർ | 18668 | 18668 X 6 = 112008 | 180 | 1000 | 820 |
| 2 | അസ്ഹിത കെ. മനോഹർ, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഗോപിക എസ്. നായർ, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| 4 | ദേവനന്ദന സുനിൽ, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| 5 | ആരതി വിനോദ്, ട്രയിനി കേന്ദ്ര മാനേജർ | 7638 | 7638 X 6 = 45828 | 0 | 750 | 750 |
| | | | ആകെ | | | 3820 |

ശമ്പള സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കാതെയാണ് തൊഴിൽ നികുതി ഈടാക്കിയിരിയ്ക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/05.11.25ന് തൊഴിൽ നികുതിയിൽ കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആകെ കുറവായി ഈടാക്കിയ (3900+3820) 7720/- രൂപ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി കാലയളിലെ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് വിശദാംശം

1) **മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 21 | 92500 | 92500 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പെടെ) | | | |
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടു ണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 2500 | 2500 | 0 | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 28.05.2025-ലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന നിശ്ചിത സമയപരിധിക്കുള്ളിൽ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 10.11.2025 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് | ബാക്കി |
|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 100000 | നം. S0044/25- വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ | 100000 | 0 |
| | 150000 | നം. S0179/25- വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ | 150000 | 0 |
| | 800000 | നം. S0166/25- ലൈഫ് 2020 ഭവന പദ്ധതി പട്ടികജാതി വിഭാഗം | 800000 | 0 |
| | 550000 | നം. S0014/25- ലൈഫ് 2020 ഭവന പദ്ധതി എസ്.സി.പി. | 550000 | 0 |

| | | | | |
|---|---|---|---|---|
| | 25000 | നം. S0140/25- ഇ.പി.ഐ.പി. വീട് അറ്റകുറ്റപ്പണികൾ എസ്.സി. | 25000 | 0 |
| | 200000 | നം. S0081/25- അങ്കണവാടി അനുപൂരകപോഷകാഹാരം | 200000 | 0 |
| | 150000 | നം. S0088/25- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 215000 | നം. S0279/25- 89 വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിയ്ക്കൽ | 215000 | 0 |
| | 300000 | നം. S0151/25- ലൈഫ് ഭവനപദ്ധതി ജനറൽ | 300000 | 0 |
| ആകെ | 2490000 | | 2490000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 3659075 | നം. S0014/25- ലൈഫ് 2020 ഭവന പദ്ധതി എസ്.സി.പി. | 3659075 | 0 |
| | 200000 | നം. S0081/25- അങ്കണവാടി അനുപൂരകപോഷകാഹാരം | 200000 | 0 |
| | 150000 | നം. S0088/25-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 454907 | നം. S0191/25- ഹരിതകർമ്മസേനയ്ക്ക് വാഹനവും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 454907 | 0 |
| | 1800000 | നം. S0050/25- ലൈഫ് ഭവനപദ്ധതി ജനറൽ | 1800000 | 0 |
| | 620000 | നം. S0185/25- ലൈഫ് ഭവന പദ്ധതി ഫേസ്-2 അഡീഷണൽ ലിസ്റ്റ് | 620000 | 0 |
| | 10000 | നം. S0311/25- സമഗ്രകന്നുകാലി ഇൻഷുറൻസ് | 10000 | 0 |
| | 111476 | നം. S0163/25- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 111476 | 0 |
| ആകെ | 7005458 | | 7005458 | 0 |

**4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രോജക്ട് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | എസ്0298/25 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 38375/- | 0 | 38375/- |

**4-5 മൊബിലൈസേഷൻ അഡ്വാൻസ്**

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നല്കിയിട്ടില്ല.

**4-6 വായ്പ/വായ്പാ തിരിച്ചടവ്**

വാർഷിക ധനകാര്യപത്രിക പ്രകാരം ലൈഫ് പദ്ധതിയും വായ്പ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി.ഒ. (എം.എസ്) 68/2018, 18.05.2018, ജി.ഒ. (എം.എസ്) 100/2018, 30.07.2018 | 15516192 | 31249589 | 5212276 | --- | 41553505 |

**4-7 സ്ഥിരനിക്ഷേപങ്ങൾ**

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിൽ സ്ഥിരനിക്ഷേപം ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

2024-25 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

**4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13, 2013-14 | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയ ആസ്തികൾ | 2014-15 | 4-1-5 | എസ് സി വർക്ക് ഷെഡ് വ്യവസായങ്ങൾ തുടങ്ങിയിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-5 | 2015-16 | 3-6-2 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പട്ടികജാതി പട്ടികവർഗ വികസന പദ്ധതി | ” |

| | | | | | |
|---|---|---|---|---|---|
| | | | | നിർവ്വഹണം/ വാഴമനഭാഗത്ത് എസ്.സി സങ്കേതത്തിലേക്ക് വഴി സൗകര്യം ഇല്ല. | |
| 2015- | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-4 | 2015-16 | 3-7-11 | എസ്.സി/എസ്.റ്റി. കർമ്മ സമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല. | ” |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്ക്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | ” |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ” |
| 2019-20 | 1-22 | 2020-21 | അനുബന്ധം-1 | സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | ” |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് & പേയ്മെന്റ് പ്രകാരം) | : | 7,20,78,203 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : | 6,38,07,267 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 24,64,87,363 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 25,64,81,861 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7,720 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,07,771 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 7720 | - | ശ്രീമതി റംല എം.വി., സെക്രട്ടറി-ഇൻ-ചാർജ്ജ് (Rs.3900/-)<br>ശ്രീ. രാജേഷ് ജോസ് ജെ, സെക്രട്ടറി (Rs.3820/-) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 54441 | ശ്രീ. രാജേഷ് ജോസ് ജെ, സെക്രട്ടറി |
| 1-22 | 199040 | ശ്രീമതി മിനിമോൾ എ. വർഗീസ്, ഹെഡ്മിസ്ട്രസ് |
| 1-23 | 258380 | ശ്രീ. രാജേഷ് ജോസ് ജെ, സെക്രട്ടറി |
| 1-24 | 19750 | ശ്രീ. രാജേഷ് ജോസ് ജെ, സെക്രട്ടറി |
| 1-26 | 38375 | ശ്രീമതി റംല എം.വി , സെക്രട്ടറി -ഇൻ-ചാർജ്ജ് (Rs. 13112/-)<br>ശ്രീ. രാജേഷ് ജോസ് ജെ, സെക്രട്ടറി (Rs. 25263/-) |
| 1-32 ബി | 200000 | ശ്രീമതി പ്രജിത കെ.പി., വി.ഇ.ഒ, പടിഞ്ഞാറേക്കര സർക്കിൾ (Rs. 1,20,000/-)<br>ശ്രീ. പ്രവീൺ കുമാർ എൽ, വി.ഇ.ഒ, പടിഞ്ഞാറേക്കര സർക്കിൾ (Rs.80,000/-) |
| 1-33 | 200000 | ശ്രീ. പ്രവീൺ കുമാർ എൽ, വി.ഇ.ഒ, പടിഞ്ഞാറേക്കര സർക്കിൾ (Rs.50,000/-)<br>ശ്രീമതി പ്രജിത കെ.പി., വി.ഇ.ഒ, പടിഞ്ഞാറേക്കര സർക്കിൾ (Rs.1,50,000/-) |
| 1-34 | 37725 | ശ്രീമതി പൊന്നമ്മ കെ.ജെ., ഫിഷറീസ്, സബ് ഇൻസ്പെക്ടർ |
| ആകെ | 1007711 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റംല എം.വി., സെക്രട്ടറി-ഇൻ-ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി, വെച്ചൂർ ഗ്രാമ പഞ്ചായത്ത് | പുഞ്ചോടത്ത്, ചെമ്പ് പി.ഒ, വൈക്കം. |
| ശ്രീ. രാജേഷ് ജോസ് ജെ, സെക്രട്ടറി | ലഭ്യമല്ല | റ്റി.സി. 53/650, ഗ്രീൻ ലീഫ്, കാരക്കോട് ലെയിൻ, നടുവത്ത്, പൊന്നുമംഗലം, നേമം പി.ഒ, തിരുവനന്തപുരം |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6/675/16/1.10.2016 | 3 |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6/678/16/25.08.2016 | 1 |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/ എഫ്6/11-31.08.11 | 1 |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/ എഫ്.6/11(6)/31.08.11 | 1 |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/ പി6/1002(1)/17/30.12.2017 | 10 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6/ (അദാ-18)/37(1)2018, 08.01.18 | 4 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/ പി6/1002(3)/17/30.12.2017 | 4 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6/2552/22/31.03.23 | 5 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375 (2)/22/20.08.22 | 6 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(3)/22/20.08.22 | 10 |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 18/37(6) /18/08.01.18 | 8 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(4)/22/20.08.22 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി6/822/25/24.5.25 | 22 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/822/25/24.5.25 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928/16/03.01.23 | 10 |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/1454/22/20.08.22 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401/19/24.08.22 | 13 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.6/23/20/27.10.22 | 30 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.6/766/21/29.11.22 | 19 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.6/1712/21/26.10.22 | 26 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.6/414/23/12.02.2024 | 19 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി.6/1758/23/ 26.02.24 | 48 |
| 2023-24 | കെ.എസ്.എ-കെ.ടി.എം.പി.6/1310/24/14.02.25 | 45 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന്

അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 28-05-2025 and submitted on 28-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Udayanapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Udayanapuram Grama Panchayat as on 31-03-2025

**Date: 26/12/2025**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

**Audit Report appended to the Audit Certificate of Udayanapuram Grama Panchayat for the Year 2024-2025 .**

**1.Major Observations**

1)General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Full source data not available for the value of total general fund as on 31-03-2025.

2)Non Disclosure of Capital Contribution-

3)Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated upto 31/03/2025.

**2.Other Observations**

1) As per Project No 298/25, expenditure of Rs. 38375/- has been deposited in KSEB for electric post shifting not included in B-18 schedule.
2) The deposit and advance registers are not updated with accurate information.
3) Rs. 1498583/- has been included in Schedule B-11(b) as Capital Work in Progress. However, documents to verify the accuracy of the said amount were not provided.
4) B5 & B16 schedules of the loan account does not match.
5) The actual receipt and expenditure of Finance Commission Grant Tied & Untied are different from the amount in the financial statements.
6) Rs. 2,75,618/- in the head of Beneficiary Contribution shown B4 Schedule has not adjusted.
7) Details ofthe amount included in the B9 schedule are not available as the government and other dues register has not been prepared and maintained.
8) Depreciation of vehicle has been included in schedule B11 (a) but the value of vehicle not included in the asset schedule B11(e)
9) Depreciation on Roads and Bridges has been accounted more than assets in Balance sheet.
10) The Canara Bank A/c. No. 110045344070, A/c. No. 110042520076, SBI A/c. No. 57039383532 are included in the bank balance schedule [RP 40(b), B-17] in two times and found different amount in balance also.

Deputy Director
District Office, Kottayam
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്